പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130 — 11-8-2017 ലെ മറുപടിക്ക്

## മൊത്തവിപണനകേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി.അബ്ദുൽ റസ്സാക്ക്<br>" വി.കെ.ഇബ്രാഹിംകുഞ്ഞ്<br>" പി.കെ.ബഷീർ<br>" ടി.വി.ഇബ്രാഹിം | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനും കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനുമായി ആരംഭിച്ച മൊത്തവിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | കർഷകർക്ക് തങ്ങളുടെ കാർഷിക ഉല്പന്നങ്ങൾ നേരിട്ട് കൊണ്ട് വന്ന് ലേലത്തിൽ പങ്കെടുത്ത് വിപണനം ചെയ്യുവാനും അതുവഴി ന്യായവില നേടുവാനും സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികൾ മുഖാന്തിരം സാധിക്കുന്നു. കാർഷിക ഉല്പന്നങ്ങൾ കൊണ്ടു വരുന്ന കർഷകർക്ക് ദൂരത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് സബ്സിഡി നൽകി വരുന്നു. ലേല നടപടികൾ നടത്തുന്നതിനായി മാർക്കറ്റ് ഓക്ഷൻ അസിസ്റ്റൻസ് നൽകി വരുന്നു. ഇതുവഴി കൂടുതൽ കർഷകർ ലേലത്തിൽ പങ്കെടുക്കുകയും, എത്തുന്ന ഉല്പന്നങ്ങളുടെ അളവിൽ വർദ്ധനയും ഉണ്ടാവുന്നു. |

| | |
|---|---|
| | പ്രസ്തുത മാർക്കറ്റുകളെ നാഷണൽ അഗ്രികൾച്ചറൽ മാർക്കറ്റ് ശൃംഖലയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി കേന്ദ്ര സർക്കാരിലേക്ക് വിശദമായ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇത്തരം കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | തിരുവനന്തപുരം - ആനയറ, നെടുമങ്ങാട്<br>എറണാകുളം - മരട്, മൂവാറ്റുപുഴ<br>കോഴിക്കോട് - വേങ്ങേരി<br>വയനാട് - സുൽത്താൻ ബത്തേരി<br>ഇതിനു പുറമെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളയുടെ നേതൃത്വത്തിൽ 278 സ്വാശ്രയ കർഷക സമിതികളും ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ 15 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. |
| (സി) വിഭവങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ ? | കൃഷിവകുപ്പിൻ കീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളിൽ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിച്ചിട്ടുണ്ട്. കോൾഡ് സ്റ്റോറേജുകളുടെ അപര്യാപ്തത സംസ്ഥാനത്ത് നിലവിലുള്ളതിനാൽ അതിന്റെ ആവശ്യകതയെപറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ NABCONS നെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി